# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 661**      **09.02.2016-ൽ മറുപടിയ്ക്ക്**

## സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി

**ചോദ്യം**

ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.കെ.ശിവദാസൻ നായർ
ശ്രീ.സണ്ണി ജോസഫ്

**മറുപടി**

ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിനായി സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | ഭവനരഹിതരായ പട്ടികവർഗ്ഗക്കാരിൽ സ്വന്തമായി വീടുവയ്ക്കുവാൻ സ്ഥലസൗകര്യമുള്ളവർക്കെല്ലാം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 'സ്നേഹവീട്' സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | സി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതിയിലൂടെ 2907 വീടുകളും, ഐ.എ.വൈ ഹൗസിംഗ് പദ്ധതി മുഖാന്തിരം 9337 വീടുകളും, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി പ്രകാരം 10091 വീടുകളും, ഹഡ്കോ വായ്പ തുകയുടെ ആദ്യഗഡു 50 കോടി രൂപ വിനിയോഗിച്ച് സംസ്ഥാനത്ത് 2000 വീടുകളും അനുവദിച്ച് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഭവനരഹിതർക്ക് ഹഡ്കോ വായ്പാ തുകയുടെ രണ്ടാംഗഡു, ജനറൽ ഹൗസിംഗ്, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ എന്നീ ഫണ്ടുകൾ വിനിയോഗിച്ച് ഭവന നിർമ്മാണം നടത്തുവാനായി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ